
# കൈറ്റ് ബഡ്സ്



ഗവ.എച്ച്.എസ്.എസ്.പോരുവഴി

2023-24

# ഗവ.എച്ച്.എച്ച്.എസ്
# പോരുവഴി



കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിൽ പോരുവഴി,ശൂരനാട് തെക്ക് ശൂരനാട് വടക്ക് എന്നീഗ്രാമപഞ്ചായത്തുകളുടെ സംഗമസ്ഥലമായ ചക്കുവള്ളിയിലാണ് പോരുവഴി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ സ്ഥിതിചെയ്യുന്നത്. ആയിരത്തിതൊള്ളായിരത്തിലാണ് ഈസ്കൂൾസ്ഥാപിക്കപ്പെട്ടതെന്ന് വിശ്വസിക്കപ്പെടുന്നു. ഏകദേശം ആയിരത്തി എണ്ണൂറ്റി തൊണ്ണൂറിൽ ചക്കുവള്ളിയിൽ നിന്നും ഒരു കിലോമീറ്ററോളം അകലെ കൊച്ചുതെരുവ് ജംഗ്ഷന് സമീപം പൈഞ്ഞാട്ടേത്ത് പരേതനായ ശ്രീമാൻ ഗോവിന്ദപിള്ള അവർകളുടെ ചാവടിയിൽ ആശാൻ പള്ളിക്കൂടമായി പ്രവർത്തനമാരംഭിച്ച ഈ സ്കൂൾആയിരത്തിതൊള്ളായിരത്തിൽ എൽ. പി .സ്കൂളായി ഉയർത്തപ്പെടുകയും നാട്ടുകാരുടെ സഹകരണത്തോടെഇപ്പോൾ സ്കൂൾസ്ഥിതിചെയ്യുന്ന ചക്കുവള്ളിയിലെ സർക്കാർ വക ഭൂമിയിൽ സ്ഥാപിക്കുകയുമായിരുന്നു എൽ.പി .സ്കൂൾ ആയി പ്രവർത്തനമാരംഭിച്ച  ഈ സ്കൂൾ ആയിരത്തിതൊള്ളായിരത്തി മുപ്പത്തിഎട്ടിൽ യു.പി .സ്കൂളായും ആയിരത്തിതൊള്ളായിരത്തി എഴുപത്തി എട്ടിൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. രണ്ടായിരത്തിഅഞ്ചിൽ ഹയർസെക്കന്ററി കോഴ്സ് അനുവദിച്ചു. ഇപ്പോൾ കുന്നത്തൂർ താലൂക്കിലെ ഏററവും വലിയ ഗവ ഹയർസെക്കന്ററിസ്കൂളാണിത്. ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലായി ആയിരത്തിഅഞ്ഞൂറിലധികം കുട്ടികൾ ഇവിടെ പഠിക്കുന്നു.

# മുഖമൊഴി

## <u>ഡിജിറ്റൽ മാഗസിൻ 2024 – കൈറ്റ് ബഡ്സ്</u>

ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന കൈറ്റിന്റെ ഒരു സവിശേഷ സംരംഭമാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ്. സംസ്ഥാന സർക്കാരിന്റെ പൊതു വിദ്യാഭ്യാസ പുനരുജ്ജീവൻ മിഷന്റെ ഭാഗമായ ഹൈസ്കൂൾ കുട്ടികൾ അടങ്ങുന്ന ഘടനാപരമായി നവീകരിക്കപ്പെട്ടതാണ് ലിറ്റിൽ കൈറ്റസ് ഐ.ടി ക്ലബ്ബ് .ആനിമേഷൻ, പ്രോഗ്രാമിങ്ങ്,സൈബർസുരക്ഷ,മലയാളം കംപ്യൂട്ടിംഗ്,ഹാർട് വെയർ ,ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകളിൽ വിദ്യാർത്ഥികൾക്ക് തീവ്രമായ പരിശീലനം നൽകുന്നു.ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഗവ.എച്ച്.എസ്.എസ് പോരുവഴിയിലെ കുട്ടികൾ ചേർന്നൊരുക്കിയ അക്ഷരവർണ്ണ വിരുന്നിന് രുചിയേറെയാണ്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കുട്ടികൾ തന്നെ ഒരുക്കിയ രുചിക്കൂട്ടുകളാണ് ഇതിലെ പ്രധാന വായനാ വിഭവങ്ങൾ. കണ്ണിന് കുളിർമയും വായനക്ക് മികവുമേകുന്ന സൃഷ്ടികളാണ് "കൈറ്റ് ബഡ്സ് " എന്ന മാഗസിനിലൂടെ അമൂല്യമായ സർഗ്ഗശേഷിയേയും ചിന്തകളേയും അവബോധത്തേയും മനനം ചെയ്യുവാൻ ഈ മാഗസിനിലൂടെ ഒരു പരിതി വരെ സാധിച്ചിട്ടുണ്ട്. ചിന്തയും പ്രവർത്തിയും ഒരുപോലെയാക്കാനും കുട്ടികളിൽ കൂട്ടായ്മയും സമവായവും നിലനിർത്താനും ഈ പ്രപഞ്ചവിധാനത്തെ ആകമാനം സ്വാധീനിക്കാനും ശക്തിയുള്ള വിത്തുകളുടെ വിളനിലമുണ്ടതിൽ. ഇതൊരു വിജ്ഞാന വട വടവൃക്ഷമായി പടർന്ന് പന്തലിക്കും എന്നതിൽ സംശയമില്ല.ലിറ്റിൽ കൈറ്റ്സ് പ്രതിഭകൾ ഒറ്റ ക്ലിക്കിൽ ചേർത്തുവെച്ച ഡിജിറ്റൽ മാഗസിനായ "കൈറ്റ് ബഡ്സ്" നിങ്ങൾക്ക് സമർപ്പിക്കുന്നു....

# ഉള്ളടക്കം


ആമുഖം 2

സന്ദേശം 6-9

കവിത 10-11

പരിസ്ഥിതി സംരക്ഷണം 12

കവിത 13-14

നഷ്ടമാകുന്ന കേരളീയത 15

കുസൃതി ചോദ്യം 16

കവിത 17-19

ആസ്വാദനക്കുറിപ്പ് 20

ചെറുകഥ 21

കവിത 22-24

ശാസ്ത്രക്വിസ് 25

ബഹിരാകാശം എന്ന സ്വപ്നം 26

ചിത്രം 27

മികവുകൾ 28-29

വിദ്യാവനം 30

മെഗാതിരുവാതിര 31

പിൻകുറിപ്പ് 32

എടിറ്റേഴ്സ് 33




എൻ.എം.എം.എസ് വിജയികൾ




റവന്യൂ ജില്ല : കൊല്ലം

വിദ്യാഭ്യാസ ജില്ല : കൊട്ടാരക്കര

ഉപജില്ല : ശാസ്താംകോട്ട

# എൽ.എസ്.എസ് , യു.എസ്.എസ് വിജയികൾ








<u>സന്ദേശം</u>......

2023-24 അധ്യയന വർഷത്തിൽ പോരുവഴി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽകൈറ്റ് കുട്ടികൾ അവരുടെ കുഞ്ഞുമനസ്സുകളിൽ രൂപം കൊണ്ട സർഗ്ഗസൃഷ്ടികൾ ഡിജിറ്റൽ രൂപത്തിൽ ഇവിടെ പ്രസിദ്ധീകരിക്കുകയാണ്. ഒരു വിരൽത്തുമ്പിൽ വിജ്ഞാനത്തിന്റെ വിശാലമായ ലോകം തുറന്നു തരാൻ ഈ മാഗസിനു കഴിയും. പുതുതലമുറക്ക് അറിവും ആഹ്ലാദവും പ്രദാനം ചെയ്യാൻ ഈ ഡിജിറ്റൽ വിഭാഗത്തിനു സാധ്യമാകട്ടെ. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ പ്രതിഭകൾക്കും ആശംസകൾ.

പോരുവഴി

പ്രിൻസിപ്പാൾ




19/02/2024

ശ്രീധരൻപിള്ള ജി



# സന്ദേശം...

2023-24 വർഷത്തെ ലിറ്റിൽ കൈറ്റ്സ് കുട്ടുകാരുടെ ഡിജിറ്റൽ മാഗസിനായ "കൈറ്റ് ബഡ്സ് " എന്ന പ്രസിദ്ധീകരിക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു. I T മേഖലയിലുള്ള അഭിരുചി വർദ്ധിപ്പിക്കുന്നതിനും പ്രാവീണ്യം നേടുന്നതിനും സഹായകമാകുന്ന പ്രവർത്തനങ്ങൾക്ക് "ലിറ്റിൽ കൈറ്റസിനും "കൈറ്റ് ബഡ്സ് " എന്ന മാഗസിനും കഴിയട്ടെയെന്ന് ആശംസിക്കുകയും പതിപ്പിന് എല്ലാ വിധ ഭാവുകങ്ങളും നേരുകയും ചെയ്യുന്നു.

ബിന്ദു ഒ



# സന്ദേശം..

സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി രൂപീകരിക്കപ്പെട്ട ലിറ്റിൽ കൈറ്റ്സ് ഇന്ന് ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ഐടി ക്ലബ് നെറ്റ് വർക്കായി മാറിയിരിക്കുന്നു.സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിവര സാങ്കേതിക വിദ്യയിൽ വിപുലമായ അറിവിന്റെ വാതായനങ്ങൾ തുറന്നിടുന്ന ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. മാറുന്ന ലോക ക്രമത്തിന് അനുസരിച്ച് ജീവിതത്തെ ക്രമ പ്പെടുത്തുവാൻ കുട്ടികളെ ലിറ്റിൽ കൈറ്റ് സഹായിക്കുന്നു

........ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരു മാഗസിൻ പുറത്തിറക്കുന്നു എന്നതിൽ അത്യധികം അഭിമാനവും സന്തോഷവും ഉണ്ട്.ഈ ഉദ്യമത്തിന് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി രൂപീകരിക്കപ്പെട്ട ലിറ്റിൽ കൈറ്റ്സ് ഇന്ന് ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ഐടി ക്ലബ് നെറ്റ് വർക്കായി മാറിയിരിക്കുന്നു.സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിവര സാങ്കേതിക വിദ്യയിൽ വിപുലമായ അറിവിന്റെ വാതായനങ്ങൾ തുറന്നിടുന്ന ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. മാറുന്ന ലോകക്രമത്തിന് അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ കുട്ടികളെ ലിറ്റിൽ കൈറ്റ് സഹായിക്കുന്നു

.........സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരു മാഗസിൻ പുറത്തിറക്കുന്നു എന്നതിൽ അത്യധികം അഭിമാനവും സന്തോഷവും ഉണ്ട്. ഈ ഉദ്യമത്തിന് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.


19-02-2024

**അർത്തിയിൽ സമീർ**
**ബഹു പി.റ്റി.എ.പ്രസിടെന്റ്**



## സന്ദേശം

കുട്ടികളിലെ സർഗവാസനകളെ പരിപോഷിപ്പിക്കുന്നതിൽ വിദ്യാലയങ്ങൾക്കുള്ള പങ്ക് വിലപ്പെട്ടതാണ്.കുട്ടികളുടെ ഭാവനകളും,ചിന്തകളും ഇടകലർന്നതാണ് സർഗസൃഷ്ടികൾ.അനുനിമിഷം വളർന്നുകൊണ്ടിരിക്കുന്ന വിവരവിനിമയ സാങ്കേതികവിദ്യക്ക് ഒരു മുതൽക്കൂട്ടാണ് ഈ ഡിജിറ്റൽ മാഗസിൻ.ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ ഗവ.എച്ച്.എസ്.എസ് പോരുവഴിയിലെ കുട്ടികൾ തയ്യാറാക്കിയ കൈറ്റ് ബഡ്സ് എന്ന ഡിജറ്റൽ മാഗസിൻ എല്ലാവിധ ആശംസകളും നേരുന്നു.



സുഷമകുമാരി
സീനിയർ അസിസ്റ്റന്റ്

# ഗാസ

ഭീതിതമാം നിശീഥിനി തൻ ഘോര തമസ്സിലും
ചോര ചിന്തുന്ന പീരങ്കി തന്നിരമ്പൽ മാത്രം
ഭയവിഹ്വലതയാലോടി മറയുന്നു ജനം
എപ്പോഴാണെൻ മരണമെന്നുള്ള ചിന്തയിൽ

തീതുപ്പുന്ന തോക്കിൽ കുഴലുകൾ
ചോര വാർന്നൊഴുകും തെരുവീഥികൾ
തലയറ്റു വീണ മകന്റെ ജഡം ചുമക്കാൻ വിധിക്കപ്പെട്ടയച്ഛൻ

ഇത് ഗാസ ചോരയുടെ നിറമുള്ള ഗാസ
വിശുദ്ധ നഗരമിന്നശുദ്ധം
ഭ്രാന്തമാം മതാവേശവും
സാമ്രാജ്യത്വവുമൊന്നിച്ച
വേരറുക്കുന്നൊരു ജനതയെ പൂർണമായ്

സോദരാ നിന്റെ ചോരക്കുമെന്റെ
ചോരക്കുമൊന്നു താൻ നിറം
ഒന്നു മാത്രം നീയോർക്കുക
നാമേവരും ഈ ഭൂമി തന്നവകാശികൾ

സ്വച്ഛന്ദമായൊരു ജീവിതമെന്റെയും നിന്റെയും സ്വപ്നം
സ്വപ്നമെന്നും സ്വപ്നമായ് തുടരുന്നിടം ഗാസ

ഗാസ ചോരതൻ മണമുള്ള ഗാസ
ലോകഭൂപടത്തിൽ മേൽ
രക്തവർണ്ണാങ്കിതമായ് വരച്ചിടും ഗാസ
ചോര മണക്കുന്ന ഗാസ



ജ്യോതി.എസ്
ടീച്ചർ

# പ്രണയം

വശ്യമനോഹര
സങ്കല്പലോകത്തിൽ
അർഥംതേടുന്ന സുന്ദര
വചസ്സാം പ്രണയം
അന്തരാത്മാവിൽ തൊട്ടു
തലോടുന്ന
സാന്ത്വന സ്പർശമാം
പ്രണയം
ഉടലിൽ വിരിയാതെ
ഉയിരിൽ തെളിയുന്ന
നിത്യസത്യമാം പ്രണയം
നിന്നെതേടുക എവിടെ
യെന്നറിയാതെ
അലയുകയാണെന്റെ
ഹൃദയം...



-സൗമ്യ കുമാരി ഒ
ടീച്ചർ

# പരിസ്ഥിതി സംരക്ഷണം



പരിസ്ഥിതി സംരക്ഷണം നമ്മുടെ വീട്ടിൽ നിന്നും സ്കൂളിൽ നിന്നും തുടങ്ങേണ്ട ഒരു നിരന്തരം പ്രവർത്തനമാണ്. അത് ഒരു ശീലമാക്കിയാൽ ദൈനംദിനപ്രവർത്തനങ്ങളിൽ ഒന്നായി അതു മാറി നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കുവാൻ സഹായിക്കും. അതിനായി നമ്മൾ ആദ്യം ചെയ്യേണ്ടത് വ്യക്തിശുചിത്വം, പരിസര ശുചിത്വം ഇവ പാലിക്കുക എന്നതാണ്. വീട്ടിൽ നമ്മുടെ ദൈനംദിന പ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നമ്മൾ തരംതിരിച്ച് ജൈവമാലിന്യങ്ങളെ ചെടികൾക്ക് വളമായി ഉപയോഗിക്കാം. കത്തിച്ചു കളയാവുന്നവ അങ്ങനെ തന്നെ നിർമ്മാർജ്ജനം ചെയ്യണം. പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിച്ചുവച്ച് അത് ശേഖരിക്കുവാൻ വരുന്നവർക്ക് നൽകുക. സ്കൂളിന്റെ പരിസരത്തും ഒരു സാധനങ്ങളും വലിച്ചെറിയരുത്. വേസ്റ്റ് ബാസ്കറ്റിൽ നിക്ഷേപിക്കുക. പ്ലാസ്റ്റിക് കഴിവതും ഭക്ഷണപദാർത്ഥങ്ങൾ കൊണ്ടുവരാൻ ഉപയോഗിക്കാതിരിക്കുക. സ്കൂൾ പരിസരം വൃത്തിയാക്കേണ്ടത് നമ്മുടെ ഓരോ വ്യക്തികളുടേയും ചുമതലയാണ്. അങ്ങനെ ഓരോ വ്യക്തികൾ ചേർന്ന് സമൂഹമാകും. അങ്ങനെ നമുക്ക് പരി സ്ഥിതിയെ സംരക്ഷിക്കാം.



സൽമാനുൽ ഫാരിസി

# മഴയെക്കാത്ത്

തുള്ളിത്തുള്ളി പെയ്യും മഴയേ....
നിന്നെക്കാണാനെന്തൊരു ഭംഗി
ഞാനും കൂടെപ്പോനീടട്ടെ
നിന്നുടെ ലോകത്താർത്തു രസിക്കാൻ......
കാറ്റേ കാറ്റേ മെല്ലെപ്പോകൂ
കാറും കോളും വരുന്നല്ലോ
വീശിയടിച്ച് നീക്കല്ലേ....
വർഷം വന്നുനിറയട്ടെ
തെളിനീരില്ല കുടിനീരില്ല
മാരിക്കൊച്ചേ വേഗംവായോ



വി.ആർ.ദേവദത്ത്

# ഗുരു

അറിവിന്റെ തിരിനാളം
എന്നിൽ തെളിയിച്ച
ഒളിമങ്ങിടാത്തൊരു പൊന്നുഷസ്സ്
നിലവിളക്കുപ്രകാശം പരത്തുംപോൽ
അറിവിൻ കിരണങ്ങൾ
പ്രകാശമായി നൽകി
അന്ധകാരത്തെ പ്രകാശമാക്കി
ജ്വലിക്കുന്ന തേജസാം ദിവ്യജ്യോതി
ചെറുപുഞ്ചിരിയാൽ ദിനംധന്യമാക്കി
പരമാർത്ഥത്തെ അറിവിലൂടറിയിച്ചീടുന്ന
അനുഗ്രഹാശിസ്സിനാൽ ജീവിതവും
അറിവെന്നതിന്നുപരിയല്ലൊന്നുമെന്ന
നിത്യ ജ്യോതിയാണെൻ ഗുരു



അനക്സ് ബിജു
9B

# നഷ്ടമാകുന്ന കേരളീയത




സമ്പന്നമായ സാംസ്കാരിക പാരമ്പര്യമുള്ള നാടാണ് നമ്മുടെ കേരളം. ഈ പാരമ്പര്യത്തിൽ നിന്നു വികസിച്ച് വന്നതാണ് ഇവിടുത്തെ നാട്ടറിവുകളും ആചാരവിശ്വാസങ്ങളും ആഘോഷങ്ങളും ഐതീഹ്യങ്ങളും കലകളുമെല്ലാം ഇതെല്ലാം കൂടിച്ചേർന്ന സാംസ്കാരികധാരയെയാണ് കേരളീയതയെന്നു വിശേഷിപ്പിക്കുന്നത്.

മലയാളം എഴുതാനും വായിക്കാനുമറിയാതെ തന്നെ മലയാളത്തിൽ അഭ്യസ്തവിദ്യാരാവാം എന്ന അവസ്ഥ വന്നു.നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും നൽകാൻ കഴിഞ്ഞിരുന്ന വിഭവങ്ങളുടെ രുചി മറഞ്ഞുപോയി. നാടൻപാട്ടുകളും നാടൻകലകളും പോലെ നാടൻഭക്ഷണവും ഓർമ്മയുടെ ശേഖരത്തിലേക്ക് പോയ് മറയുന്ന കാലമാണിന്ന്. പോയകാല കേരളീയ ജീവിതത്തിൻ്റെ തുടിപ്പുകൾ നമ്മുടെ നാടൻപാട്ടുകളിലും കലകളിലുമെല്ലാം കാണാം.

മുഹമ്മദ് യാസിൻ
9D

# കുസൃതി ചോദ്യം

1) കഴിയ്ക്കാൻ പറ്റാത്ത ജാം? ട്രാഫിക് ജാം

2) കഴിയ്ക്കാൻ പറ്റുന്ന ആന? ബനാന

3) തുറക്കാൻ പറ്റാത്ത ഗേറ്റ് ? കോൾഗേറ്റ്

4) തലയിൽ കാലുകുത്തി നടക്കുന്ന ജീവി ? പേൻ

5) പാൽ ഉള്ള കാട് ? പാലക്കാട്

6) താമരയുള്ള കുളം ? താമരക്കുളം

7) കായം ഉള്ള കുളം? കായംകുളം

8) ആളുകൾ ആഗ്രഹിക്കാത്ത പണം ? ആരോപണം

9) കുട്ടികൾക്ക് ഇഷ്ട്ടപ്പെടുന്ന ഊണ്? കാർട്ടൂൺ

10) വെള്ളത്തിൽ വീണാൽ നനയാത്ത വസ്തു? നിഴൽ

ഷംസിയ നസീർ
9E

# മാതൃസ്പർശം

അമ്മതൻ നെഞ്ചു പിടയുകയാണ് –
നിൻ ചുണ്ടിൽ വിരിയും മന്ദഹാസം
കരിനിഴൽപോൽമാറിയതെന്ന് ?എൻ മടി–
ത്തട്ടിൽ ചാഞ്ഞുകഥകേൾക്കും നേരമെന്തേ–
നിൻ കൗതുകം കലർപ്പായി മാറിയത്



മധുവൂറും കൗമാരം ,
മുരുണ്ടുപാറും തേനീച്ചപോൽ
ലഹരിയുടെ പെരുംവലയിലകപെട്ട–
വയ്യ , എനിക്കിനിനിന്നെയിങ്ങനെ–
കണ്ട് കണ്ണീരുവാർക്കുവാനുണ്ണി,

ഉണ്ണീ, എൻ പൊന്നുണ്ണി നീയറിക
അമ്മിഞ്ഞപാലിനെക്കാൾ മധുരമില്ലൊന്നും
നിൻ കീർത്തിയിലാനന്ദത്താൽ നിറയും
അമ്മമനത്തോളം ലഹരി മറ്റൊന്നില്ലുണ്ണി.

---

**ഷിഫാ ഫാത്തിമ**
**8C**

# ഒരുമയോടെ കൊറോണക്കാലം

അറിയാതെ വന്നു
കൊറോണക്കാലം
അകലാൻ പറഞ്ഞു
കൊറോണക്കാലം
ഭീതി പടർത്തും
കൊറോണക്കാലം
ഒരുമയായി എതിരിടാം
കൊറോണക്കാലം
വാഹനങ്ങളൊന്നും
റോഡിലില്ല
വള്ളവുമില്ല വിമാനവുമില്ല
സുരക്ഷിതരായി
വീട്ടിലിരിക്കാം
ഒരുമയോടെതിരിടാം
കൊറോണക്കാലം
പനിവേണ്ട ചുമവേണ്ട
കൊറോണവേണ്ട
കൈകൾകഴുകാം
മാസ്ക് ധരിക്കാം
ഒരു മുൾകിരിടം പോൽ
വന്നു കൊറോണ
പേടിപ്പിക്കാൻ എന്നും
നോക്കി കൊറോണ
ആശങ്ക വേണ്ട ജഗ്രതയോടെ
വീടിനുള്ളിൽ സുരക്ഷിതരാവാം
ഒരുമയായ് നേരിടാം ഈ
കൊറോണയേ

ജിബിൻ കൃഷ്ണ
8B

# ചിത്രശലഭം



പൂമ്പാറ്റ എന്നും വിളിക്കുന്ന, പ്രാണിലോകത്തെ സൗന്ദര്യമുള്ള ജീവികളായ ഷഡ്പദങ്ങളാണ് ചിത്രശലഭങ്ങൾ ആംഗലേയഭാഷയിൽ ഇവയ്ക്ക് ബട്ടർഫ്ലൈ എന്നാണ് പേര്. മനുഷ്യൻ ഭൂമിയിൽ ആവിർഭവിക്കുന്നതിന് ഏകദേശം 970 ലക്ഷം മുമ്പ് തന്നെ ചിത്രശലഭങ്ങൾ ഭൂമിയിലുണ്ടായിരുന്നതായി പറയപ്പെടുന്നു. 1973 ൽ ഫ്രാൻസിൽ നിന്ന് കണ്ടെടുക്കപ്പെട്ട ഫോസിലുകളിൽ നടത്തിയ പഠനത്തിൽ നിന്നാണ് ഇങ്ങനെയൊരു
കണ്ടെത്തൽ ചിത്രശലഭങ്ങളെപ്പറ്റി പഠനം നടത്തുകയും ശേഖരിക്കുകയും ചെയ്യുന്ന ആളുകളെ Lepidopterists അഥവാ aurelians എന്നു വിളിക്കുന്നു



കാർത്തിക
9A

# പ്ലസ്റ്റു [ആസ്വാദനകുറുപ്പ്]

സമകാലിക വിദ്യാഭ്യാസ തൊഴിൽ മേഖലയിലെ നിരവധി പ്രശ്നങ്ങളെ നർമരസഭാവത്തിൽ ആവിഷ്കരിക്കുന്ന എസ്.വി.വേണുഗോപാലൻ നായരുടെ ചെറുകഥയാണ് പ്ലസ്റ്റു. വില്ലേജ് ഓഫീസറായ ഒതേനകുറുപ്പിന്റെ മകൻ കേശവൻ ബി.എസ്.സി പഠനം പൂർത്തിയാക്കി അതിവേഗ തൊഴിൽ സാദ്യതക്കുള്ള മാർഗ്ഗം എന്ന നിലയിൽ എം.എസ.സി ഉപേക്ഷിച്ച് ബി.എഡ് തിഞ്ഞെടുത്തു.ബി.എഡ് പഠനം പൂർത്തിയാക്കി അതിവേഗതൊഴിൽ സാധ്യതകൾ അന്വേഷിക്കുണതിനിടയിൽ ഒതേനകുറുപ്പിന്റെ ഒരു സുഹൃത്തായ ഒരു സ്കൂൾ മാനേജറെ കണ്ടുമുട്ടി മൂന്ന് വർഷത്തിന് ശേഷം ഉള്ള ഒഴിവ് പറഞ്ഞ് ഉറപ്പിക്കുകയും ഭാഗ്യം ഉണ്ടെങ്കിൽ ഇതിന് ഇടയിൽ ആരെങ്കിലും മരണപ്പെടുകയാണങ്കിൽ അതിലും നേരത്തെ ഒഴിവുണ്ടാകുമെന്നും അത് അയാൾക്ക് ലഭിക്കുമെന്നും പറഞ്ഞു.മൂന്ന് വർഷത്തിന് ശേഷമുള്ള ഒഴിവിന് രണ്ടേ മുക്കാൽ ലക്ഷം രൂപ നൽകണം എന്നും പറയുന്നു. മൂന്ന് വർഷത്തിന് ശേഷമുള്ള ഒഴിവിന് രണ്ടേമുക്കാൽ ലക്ഷം രൂപ നൽകണമെന്നും പറയുന്നു.ഒടുവിൽ എ.ഡി ര ഉന്നതവിദ്യാഭ്യാസ, തൊഴിൽ മേഖ ലഭിലേക്ക് വിരൽചൂണ്ടുകയാണ് ഈ കഥ തുടക്കം മുതൽ ഒടുക്കം വരെ . ഉടൻതൊഴിൽ സാധ്യതയെ മുൻനിർത്തിയാണ് മേവെൻ ബി. എസ്.സി കഴിഞ്ഞത =ഷം എം. എസ്. സി ഉപേക്ഷിച്ച് ബി. എഡ് തിരഞ്ഞെടുക്കുന്നത് . ഇതിനായി സഹായരൂപേണ പലതരം ബി.എഡ് സെൻ്ററുകൾ തപാൽ വഴി പോലും ക്ലാസ്സുകൾ ൽകുന്നു. ഇതിലൂടെ മറ്റൊരു തരത്തിലും വിദ്യാഭ്യാസ മേഖലറയെ കച്ചവടം ചെയ്യുകയാണ്

സുഹൃത്ത് ബന്ധത്തിൻ്റെ പേരിലാണ് അദ്ധ്യാപനജോലിക്കായി അ സ്കൂൾ മനെജറെ കാണാൻ പോകുന്നത്. അതിനായി വർഷങ്ങൾക്ക്ശേഷമുള്ള ഒഴിവുകൾ പോലും ബുക്ക് ചെയ്ത് ഇരുന്നത് മറ്റൊരു പ്രധാന കാരണമാണ് . എന്നാൽ പണത്തിൻ്റെ കാര്യം വന്നപ്പോൾ സുഹൃത്ത് ബന്ധം പോലും ചോദ്യപ്പെ ടുന്നു. ഇനിനിടയിൽ പ്ലസ്റ്റുവിൻ്റെ ജോലി അസാധ്യത വന്നപ്പോൾ വീണ്ടുമുള്ള ഉന്നതസ്ഥാന- 3 കയറ്റത്തിനായി എം. എസസി പഠനം പൂർത്തിയാക്കി. വീണ്ടും കേശവൻ മനേജറിന് മുന്നിലെത്തുന്നു. എല്ലം എന്നാൽ ഉന്നന്തസ്ഥാനം വന്നപ്പോൾ അതിലേക്കുള്ള അതിലേക്കുള്ള തുകയും വർധിക്കുന്നു. . രണ്ട് ക്ലാസ്സിൻ്റെ വ്യതാസത്തിൽ രണ്ടേമുക്കാൽ നാലേമുക്കാൽലായി മാറുന്നു. "കണക്കിൽ എം. എസി. സി പാസ്സായ പയ്യന് ഈ സിംബിൾ കണക്കറിയില്ലേ" എന്ന മന്നേജരുടെ ചോദ്യം വിദ്യാഭ്യാസ, തൊഴിൽ മേഖല പെറുമൊരു കച്ചവടകാണ- ക്കാഞ്ഞെ ഊപ്പിക്കുന്നു

ഈ വർത്തമാനകാലത്തു. നമ്മുടെ നാട്ടിൽ നിലനിൽ- ക്കുന്ന പ്രധാന കച്ചവടസംസ്കാരം ഈ കഥയിൽ സൂചിപ്പിക്കുന്നത്. ഇന്ന് എല്ലാ മേഖലകളിലും ഇത് നിലന്നിൽക്കുന്നുണ്ട്. എന്നാൽ അദ്ധ്യാപനത്തിൽ അന്ത് ഉണ്ടാൽ നമ്മുടെ നാടിൻ്റെ നിലനിൽപ്പിനേപ്പോലും ബാധിക്കും. അദ്ധ്യാപനത്ത വെറുമൊരു തൊഴിലായും, കച്ചവടസംരഭമായും കണറുന്നമ്പർ ഈ മേഖലയിലേക്ക് കടന്ന് 15 ptവരുമ്പോൾ ഇതിനെ ജീവനെക്കാൾ വിലയുള്ളവയായി കരുതുന്നവരുടെ സത്യസന്ധതക്ക് അർഥമില്ലാതായി തീരുന്നു. ഏത് മേഖലയും പോലെ വിദ്യാഭ്യാസം മേഖലയും സമ്പത്തിൻ്റെ അടിത്തറയിൽ കെട്ടിപ്പെടുക്കുകയും നിലനിൽക്കുക- യും ചെയ്യുന്ന സമങ്കാലിക ഘട്ടത്തിൻ്റെ നേർകാഴ്ചയാണ് ഈ കഥ സൂചിപ്പിക്കുന്നത്.

മഹാലക്ഷമി എസ്

8 C

# ചെറുകഥ

പുഴയിൽ വീണ ഉറുമ്പിനെ ഇലയിട്ട് രക്ഷിച്ച കഥയിലെ പ്രാവ് ഉറുമ്പും ഇന്ന് കണ്ടുമുട്ടി.

പ്രാവ് : സൂക്ഷിച്ച് നടക്കണം. ഒഴിക്കിൽപ്പെട്ടൽ ഇലയിട്ടു തരാൻ ഇന്നിവിടെ മരമില്ല.

ഉറുമ്പ് (പൊട്ടിച്ചിരിയോടെ) : ഒഴുക്കിൽ പെടാൻ ഇന്നിവിടെ പുഴയില്ല......

ജിസൻ വർഗ്ഗീസ്
9 B

# ജീവന്റെ സൂക്ഷ്മാംശങ്ങൾ

ഓരോ നിമിഷവും ഞാൻ മരിക്കുന്നു.
ഓരോ നിമിഷവും പുനർജനിക്കുന്നു.
സൂക്ഷ്മശരീരമായ ജീവിത ജ്വാലമൃതിയിൽ നിന്ന് ഉയിർപ്പിലേക്ക പകരുന്നു.
പകർച്ചയുടെ തത്ത്വമെന്തെന്ന് ഒരു ശാസ്ത്രത്തിനും ഇതുവരെയറിയില്ല.
കണ്ടുപിടിത്തങ്ങളുടെ  ആ വല്യമ്മയ്ക്ക് ജീവന്റെ സൂക്ഷ്മാംങ്ങൾ. മൃതിയുടെ
സൂക്ഷ്മാംശങ്ങൾ ജീവജ്വാലയാൽ എപ്പോഴും മൊഴുകി. നിത്യപീഡിതനായ്
ജ്ഞാനവൃദ്ധനായ ഞാൻ മരിക്കുമ്പോൾ. എന്റെ  കാവ്യവും മായുന്നു.
എങ്ങും എഴുതപ്പെടാത്തതു പോലെ പുനർജനിക്കുമ്പോൾ കാവ്യവും മൊഴുകുന്നു.
മൃതിയുടെ തടസ്സം അവിടില്ലെന്നപോലെ.

പാർവ്വതി പിള്ള .ജെ
9:A

# എന്റെ കേരളം

മുകിൽമാല ചാർത്തിയ
സഹ്യാദ്രിയും
തിരമാല തിരതല്ലും പൊൻതീരവും
ഹരിതാഭ ചാർത്തുന്ന സമതലവും
ഭംഗിയൊത്തൊരുമിക്കുമെൻ
കേരളം

പച്ചപ്പ്കമ്പളം ചാർത്തുന്ന കുന്നുകൾ
നെല്ലുകൾ തലയുയർത്തുന്ന വയലേലകൾ
കളകളം പായുന്ന ചെറുപുഴകളും
കുളുരവം പൊഴിക്കും കുയിൽക്കൂട്ടവും
എത്രയോ സുന്ദരിയാണിന്ന് കേരളം

ചന്ദ്രിക പൊഴിക്കുന്ന പൊൻതിങ്കളും
ചന്ദമെഴും നൽതാരങ്ങളും
പൊന്നായ് തിളങ്ങുന്ന ആദിത്യനും
സുന്ദരിയാണിന്നെന്റെ കേരളം



കാശിനാഥൻ എ ആർ

8B

# എന്റെ അമ്മയുടെ ഓർമ്മക്കായി

എന്റെ അമ്മ
ഇന്നെന്നരികിലില്ലെങ്കിലും
ഇപ്പോഴും കാതിൽ മുഴങ്ങുന്നു
അമ്മതൻ വിളി
താങ്ങായ് തണലായി
എപ്പോഴുമെന്നുടെ അരികിലായി കാവൽ കിടന്നു
പലരായി തട്ടികളിച്ചൊരെൻ ജീവിതം ഉള്ളിലൊതിക്കിയ തേങ്ങലാൽ
നോക്കി നിന്നെന്നുടെ കണ്ണുനീരൊപ്പൊന്ന കൈകളെ ഒന്നു
തൊടുവാനെനിക്കൊരു
മോഹമായ്
പൊട്ടിച്ചിരിച്ചൊരെൻ ജീവിതം
പേരക്കിടാങ്ങളെ പൊട്ടിച്ചിരിപ്പിക്കാൻ
സ്വയമൊരു കോമാളി വേഷമെടുത്താടി
ഒരു മാത്രപോലും മനസ്സുതുറന്നെന്റെ
അമ്മയെ നോക്കാനെനിക്ക് കഴിഞ്ഞില്ല
ബന്ധങ്ങൾ തൻ വില പറഞ്ഞുള്ളൊരു
ബന്ധനങ്ങൾ എൻ മനസ്സും
 മടുപ്പിച്ചു
ഹൃദയം കീറി മുറിച്ചൊരു ജീവിതം
ഒരുപാട് വേദനയുള്ളിലൊതുക്കി
അപ്പോഴുമെന്റെ ചികിത്സക്കു വേണ്ടി
ഓടിനടന്നൊരാ അമ്മ
അവസാനമായ് പിരിയുന്നനേരത്ത്
ദീനനേത്രങ്ങളാൽ എന്നോടപേക്ഷിച്ചു
പോകല്ലേ മോളെ...
 എന്നുടെയെന്നെ ഉപേക്ഷിച്ചു പോകല്ലേ
കണ്ണീരോടെ കരം വിട്ട് പോന്നു ഞാൻ
പിന്നീടെനിക്കെന്റെ കാതിൽ മുഴങ്ങുന്നു അമ്മയുടെ വാക്കുകൾ
ആ രാത്രി തന്നന്ത്യത്തിലാ–
[illegible]മുപേക്ഷിച്ച് യാത്രയായ് –

താളം കെട്ടി നിന്ന
നിണത്തിൽ നടുവിലായി
ആ രൂപമിന്നുമെൻ മുന്നിൽ നിറയുന്നു
ജീവനകന്നൊരാദേഹത്തെ നോക്കി
ഒത്തുപാട് മാപ്പു പറഞ്ഞു ഞാൻ എന്നുള്ളിൽ
മരണക്കിടയിലൊറ്റയ്ക്ക ഉപേക്ഷിച്ചൊരീ
മനസ്സിന് അതെന്നും നീറ്റലായ് തീരുന്നു...

സാന്ദ്ര.എസ്

9:A



kasinath AR
8B

# ശാസ്ത്ര ക്വിസ്സ്

1. ഗ്രീഡ് രോഗം എന്നറിയപ്പെടുന്ന രോഗം?

എയിഡ്സ്

2. നിലവിലുണ്ടായിരുന്ന 63 മൂലകങ്ങളെ ആറ്റോമിക മാസിന്റെ അടിസ്ഥാനത്തിൽ വർഗീകരിച്ച് 1869 ഇൽ ആവർത്തനപ്പട്ടിക പുറത്തിറക്കിയത് ?

ഡിമിട്രി മെൻഡലിയെവ്

3. ചന്ദ്രോപരിതലത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന ലോഹം?

ടൈറ്റാനിയം

4. സോണാറിൽ ഉപയോഗിക്കുന്ന ശബ്ദതരംഗം?

ആൾട്രാസോണിക്

5.അന്തരീക്ഷവായുവിൽ ഏറ്റവും കൂടുതലുള്ള രണ്ടാമത്തെ മൂലകം?

ഓക്സിജൻ

6. വൈറ്റമിൻ B9 ൽ അടങ്ങിയിരിക്കുന്ന ആസിഡ്?

ഫോളിക് ആസിഡ്

7. ഓറഞ്ച്,നാരങ്ങ എന്നിവയിൽ അടങ്ങിയിരിക്കുന്ന ആസിഡ്? എന്താണ്?

സിട്രിക്കാസിഡ്

8. ഏറ്റവും ശുദ്ധമായ ഇരുമ്പ്?

റോട്ട് അയൺ

9.തൈറോക്സിൻ എന്ന ഹോർമോണിലടങ്ങിയിരിക്കുന്ന മൂലകം?

അയഡിൻ

10.ടാൽക്കം പൗഡറിലെ പ്രധാന ഘടകം?

സിങ്ക് ഓക്സൈഡ്




സൗപർണിക
9D

# <u>ബഹിരാകാശം എന്ന സ്വപ്നം</u>

മനു ഒരു മൂന്നാം ക്ലാസ് വിദ്യാർത്ഥി ആയിരുന്നു. മനുവിന്റെ അച്ഛൻ പൈലറ്റും അപ്പൂപ്പൻ ഒരു റോക്കറ്റ് ഏജൻസിയിൽ ജോലിയുള്ള ഒരാളായിരുന്നു.അപ്പൂപ്പൻ എല്ലാ ദിവസവും മനുവിനെ ടെറസിൽ കിടത്തി ബഹിരാകാശത്തിനെ കുറിച്ച് പറഞ്ഞു കൊടുക്കുമായിരുന്നു.മനുവിന്റെ ആഗ്രഹം ബഹിരാകാശം സന്ദർശിക്കണം എന്നുണ്ടായിരുന്നു.ഒരു ദിവസം ക്ലാസിൽ ടീച്ചർ ബഹിരാകാശത്തുള്ള ഗ്രഹങ്ങളുടെ പേര് ക്രമത്തിൽ എഴുതാൻ പറഞ്ഞു. മനുവിന് ഫുൾ മാർക്ക് കിട്ടി.ഈ സന്തോഷവിവരം അറിയിക്കാൻ മനു വീട്ടിലക്ക് ചെന്നു. ഇതറിഞ്ഞപ്പോൾ അപ്പൂപ്പന് സന്തോഷമായി .അപ്പൂപ്പൻ മനുവിനെ കെട്ടിപ്പിടിച്ചിട്ട് പറഞ്ഞു.``മോനേ, നിന്നെ ഒരിക്കൽ ഞാൻ ബഹിരാകാശത്ത് കൊണ്ട് പോയി അവിടത്തെ കാഴ്ചകൾ കാണിക്കും.'' അവധിക്കാലം ആയപ്പോൾ അച്ഛൻ മനുവിനെയും മനുവിന്റെ അമ്മയേയും കൂട്ടി തൊട്ടടുത്തുള്ള യൂറോപ്പിലെ രാജ്യമായ  ഇംഗണ്ടിലെക്ക് യാത്ര പോയി. ഇംഗണ്ടിലെ മികച്ച  സ്കൂളുകളിലെ കുട്ടികൾക്കായുള്ള മത്സരമായിരുന്നു അത്. അതിൽ മനുവും പങ്കെടുത്തു . മനുവിന് ഒന്നാം സ്ഥാനം കിട്ടി. അതിനുശേഷം അവർ വീട്ടിലേക്ക് തിരിച്ചു. ന്യൂഡൽഹിയിലെ എയർപ്പോർട്ടിൽ നിന്നിറങ്ങിയപ്പോൾ മനുവിന് ഒരു സമ്മാനമുണ്ട് എന്ന അച്ഛൻ പറഞ്ഞു അവർ നേരെ ഐ.എസ്.ആർ.ഒ യുടെ ഓഫീസിന് മുമ്പിൽ എത്തി. “എന്താണ് അച്ഛാ, സമ്മാനം?“ മനു ചോദിച്ചു. “അത് നീ അറിഞ്ഞോളും“ അച്ഛൻ പറഞ്ഞു. അകത്തേക്ക് കയറിയപ്പോൾ അപ്പൂപ്പൻ ഒരു യൂണിഫോമും തൊപ്പിയും ഇട്ട് നിൽക്കുന്നു. എന്നിട്ട് അപ്പൂപ്പൻ പറഞ്ഞു. നിന്നെ ഞാൻ ആകാശത്ത് യാത്രകാണിക്കാൻ കൊണ്ടുപോകുമെന്ന് പറഞ്ഞില്ലേ? നീ ഈ റോക്കറ്റിലേക്ക് കയറിക്കോ.നമുക്ക് യാത്രപോകാം".മനുവിന് തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. അവൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി. അവനും അപ്പൂപ്പനും കൂടി ആകാശത്തേക്ക് യാത്രയായി.

മുഹമ്മദ് ഹനാൻ
4 C







മഹാലക്ഷ്മി എസ്
8C

# മികവുകൾ



ലിറ്റിൽ കൈറ്റ്സ്

എസ്.പി.സി





ജെ.ആർ.സി

# മികവുകൾ



ഗവ എച്ച് എസ് എസ് പോരുവഴി
ദേശീയ
ചെസ്സ് മത്സരത്തിൽ
പങ്കെടുക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട
നെഹ്ന സമീർ ന്




Pariksha Charcha 2024
പരീക്ഷാ പേ ചർച്ച
2024 നോടനുബന്ധിച്ച്
പ്രധാനമന്ത്രിയുമായി നേരിട്ട്
സംവദിക്കാനും
റിപ്പബ്ലിക് ദിനപരേഡിൽ
പ്രത്യേക ക്ഷണിതാവായി
പങ്കെടുക്കാനുമായി
കേരളത്തിന്റെ പ്രതിനിധിയായി
തിരഞ്ഞെടുത്ത പോരുവഴി
ഗവ: എച്ച്.എസ്.എസ്
9-ാം ക്ലാസ്സ് വിദ്യാർത്ഥി
വി.ആർ.ദേവദത്തിന്
അഭിനന്ദനങ്ങൾ
GHSS PORUVAZHY




ശാസ്താംകോട്ട ഉപജില്ലാ
കായികമേളയിൽ
ഓവറാൾ ചാംപ്യൻഷിപ്
ഗവ. എച്ച് എസ് എസ്
പോരുവഴി
അഭിനന്ദനങ്ങൾ
പി ടി എ , എസ് എം സി & സ്റ്റാഫ്

# വിദ്യാവനം







# മെഗാതിരുവാതിര





# പിൻകുറിപ്പ്

ലിറ്റൽ കൈറ്റ്സിന്റെ പ്രഥമ സംരഭമായ e-മാഗസിൻ 'കൈറ്റ്സ് ബഡ്സ്" ന്റെ കൈത്താങ്ങാകാനും ഇതിന്റെ ഭാഗമാകാൻ ഞങ്ങൾക്ക് സാധിച്ചതിലും ഞങ്ങൾ സന്തുഷ്ടരാണ്. ഇതിനായി ഞങ്ങളെ പ്രേരിപ്പിച്ചവർ, സഹായിച്ചവർ അനവധി വ്യക്തികളുണ്ട്. ഈ ഉദ്യമത്തിൽ ഞങ്ങളോടൊപ്പം നിഴൽപോലെ കൂടെ നിന്ന് അനുഗമിച്ച ബെൻസി ടീച്ചറും,ഷെമിറാ ടീച്ചറും, സഹായ സഹകരണങ്ങൾ തന്നവർക്കും അണിയറ ശില്പികൾക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ

നന്ദി.... നന്ദി.... നന്ദി...

എഡിറ്റർ

അനക്സ് ബിജു

# എഡിറ്റേഴ്സ്



ചീഫ് എഡിറ്റർ : അനക്സ് ബിജു

സബ് എഡിറ്റർ : സൗപർണിക എസ് , വി ആർ ദേവദത്ത് , സൽമാനുൽഫരിസി ,
ജിസൻ വർഗ്ഗീസ് , കാശിനാഥൻ എ ആർ , ആദിൽ ഫിർദോസ്

എഡിറ്റോറിയൽ ബോർഡ് : ഷമീറ എം , ബെൻസി റ്റി , നിഷ എൻ എസ് , തമന്ന
( ടീച്ചേർസ്)